Deepika- 10-3-23

# ഭാരതമാതായിൽ ഫോക്‌ലോർ അക്കാദമി ദേശീയ സെമിനാർ


കേരള ഫോക്‌ലോർ അക്കാദമിയും തൃക്കാക്കര ഭാരതമാതാ കോളജ് മലയാളം വിഭാഗവും സംയുക്തമായി നടത്തുന്ന ദേശീയ ഫോക്‌ലോർ സെമിനാർ ഡോ. എസ്. ഗിരീഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

**കൊച്ചി:** കേരള ഫോക്‌ലോർ അക്കാദമിയും തൃക്കാക്കര ഭാരതമാതാ കോളജ് മലയാളം വിഭാഗവും സംയുക്തമായി നടത്തുന്ന ദേശീയ ഫോക്‌ലോർ സെമിനാറിനു തുടക്കമായി. ഉദ്ഘാടനം ഡോ. എസ്. ഗിരീഷ് കുമാർ നിർവഹിച്ചു. ആകാശവാണി കൊച്ചി എഫ്എം പ്രോഗ്രാം ഹെഡ് ബാലനാരായണൻ മുഖ്യപ്രഭാഷണം നടത്തി. കോളജ് മാനേജർ റവ. ഡോ. ഏബ്രഹാം ഓലിയപ്പുറത്ത് അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൺ, അസി. ഡയറക്ടർ റവ. ഡോ. ജിമ്മിച്ചൻ കർത്താനം, മലയാളം വകുപ്പ് അധ്യക്ഷ ഡോ. ലിജി ജോസഫ്, സെമിനാർ കോ-ഓർഡിനേറ്റർ ഡോ. തോമസ് വർഗീസ് പനക്കളം തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ സെഷനുകളിലായി കെ. രാജേഷ്കുമാർ, ഡോ. എസ്. ലാലിമോൾ, ഡോ. സി. ഗണേഷ് തുടങ്ങിയവർ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് പടയണി നടന്നു.

ഇന്ന് എം.ആർ. വിഷ്ണുപ്രസാദ്, ഡോ. വിനിൽ പോൾ, ഡോ. സി. ഗണേഷ്, ഡോ. ദേവി കെ. വർമ തുടങ്ങിയവർ പ്രഭാഷണം നടത്തും. സമാപന സമ്മേളനം കേരള ഫോക്‌ലോർ അക്കാദമി ചെയർമാൻ ഒ. എസ്. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യും.